## ഗ്രന്ഥവിചാരം

# ഉയരുന്ന യവനിക

ഗ്രന്ഥകാരൻ: സി. ജെ. തോമ്മസ്.
പ്രസാധകർ: നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം. വില: 1ക. 8ണ.

**എൻ. വി. കൃഷ്ണവാരിയർ.**

ലക്ഷ്യങ്ങളെത്തുടർന്നു് ലക്ഷണങ്ങളുണ്ടാവുക സ്വാഭാവികമാണല്ലോ. മലയാളത്തിലെ നാടകസാഹിത്യവും ഇതിന്നപവാദമല്ല. കുറെയധികം സംസ്കൃതനാടകങ്ങളുടെ തർജ്ജമകൾ നമുക്കു ലഭിച്ചതോടെ സംസ്കൃതനാട്യശാസ്ത്രത്തിന്റെ ബാഹ്യരേഖകൾ എടുത്തു കാട്ടുന്ന ശർമ്മാസഹോദരന്മാരുടെ "നാടകപ്രവേശിക" പ്രസിദ്ധം ചെയ്യപ്പെട്ടു. ആധുനികപാശ്ചാത്യനാടകങ്ങളുടെ തോതു പിടിച്ചു് നമ്മുടെ നാടകകർത്താക്കൾ ഗ്രന്ഥനിർമ്മാണം ആരംഭിച്ചപ്പോൾ പരമേശ്വരൻപിള്ളയുടെ "നവീനനാടകാദർശ"വും പുറത്തു വന്നു. കാരികയും വൃത്തിയുമായി, മിക്കവാറും "ദശരൂപക"ത്തെ ഉപജീവിച്ചെഴുതപ്പെട്ട ആദ്യത്തെ ഗ്രന്ഥംമൂലം വിദ്വാൻ പരീക്ഷകൾക്കൊരു പാഠ്യപുസ്തകമുണ്ടായി. പാശ്ചാത്യനാടകപ്രസ്ഥാനങ്ങളുടെ ഉപരിതലത്തെത്തലോടിപ്പോകുന്ന മറെറാരു കൃതി നാടകസാഹിത്യത്തെപ്പററി കുറേക്കൂടി പരന്ന ഒരധ്യയനത്തിന്ന മാർഗ്ഗദർശകമാകാമെങ്കിലും, പ്രസിദ്ധം ചെയ്തു് ഒരു പന്തീരാണ്ടു കഴിഞ്ഞിട്ടും മലയാള നാടകസാഹിത്യത്തിൽ അഗാധമായ പ്രഭാവം ചെലുത്താൻ അതിന്നു സാധിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഈ പശ്ചാത്തലത്തിന്നെതിരെയാണു് ശ്രീ. സി. ജെ. തോമ്മസ്സ് നാടകത്തെപ്പററിയുള്ള തന്റെ ഗ്രന്ഥവുമായി മുന്നോട്ടു വന്നതു്; "ഇതൊരു ലക്ഷണഗ്രന്ഥ"മല്ലെന്നു് ഗ്രന്ഥകാരൻ എടുത്തു പറയുന്നുണ്ടെങ്കിൽ കൂടി, വികസിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ നാടകസാഹിത്യത്തിനു് മാർഗ്ഗനിർദ്ദേശം ചെയ്യുന്നതിൽ "ഉയരുന്ന യവനിക" വളരെയൊക്കെ പ്രയോജനപ്പെടുമെന്നതു് നിസ്തർക്കമാണു്.

"നാടകപ്രവേശിക"യിലും "നവീനനാടകാദർശ"ത്തിലും നാടകത്തിന്റെ സാഹിത്യാംശം മാത്രമേ നിരൂപണവിഷയമാകുന്നുള്ളു. എന്നാൽ നാടകം ജീവിക്കുന്നതു് രംഗത്തിൽ മാത്രമാകുന്നു; അതിനാൽ എഴുത്തിനോടൊപ്പം — ഒരു പക്ഷെ കൂടുതൽ — പ്രാധാന്യമുണ്ടു് രംഗത്തിൽ അതിന്റെ ആവിഷ്കരണത്തിനു്. ഈ തത്വത്തെ ആധാരമാക്കി ശ്രീ. തോമ്മസ് നാടകത്തിലെ സാഹിത്യം, സംഗീതം, നൃത്തം, അഭിനയം, രംഗവിധാനം, സൂത്രധാരണം (ഡയറക്ഷൻ), നാടകദർശനം, നാടകശാല എന്നിവിടം വരെ തന്റെ അന്വേഷണം വ്യാപിപ്പിക്കുന്നു. നല്ലൊരു നാടകം എങ്ങിനെ എഴുതണം എന്നു മാത്രമല്ല, എഴുതിക്കഴിഞ്ഞ നാടകം എങ്ങിനെ വായിക്കണം, എങ്ങിനെ അഭിനയിക്കണം, എങ്ങിനെ കാണണം എന്നുകൂടി അദ്ദേഹം നിഷ്കർഷിക്കുന്നു. ഇക്കാരണത്താൽ സിദ്ധാന്തപരമായ ഒരു ചർച്ചയെന്നതുപോലെ തന്നെ പ്രായോഗികമായ ഒരു "കൈപ്പുസ്തകം" എന്ന നിലയിലും "ഉയരുന്ന യവനിക" ഉപകരിക്കാതിരിക്കയില്ല.

"നാന്ദി" എന്ന ആദ്യത്തെ അദ്ധ്യായത്തിൽ ശ്രീ. തോമ്മസ് നാടകകലയുടെ ജനകീയസ്വഭാവമെടുത്തു കാണിക്കുകയും, അതിന്റെ വളർച്ചയിൽ കലാസമിതികൾക്കുള്ള പങ്കു് വിശദീകരിക്കുകയും ചെയ്യുന്നു.

ജനങ്ങൾക്കു് കൂട്ടായി ആസ്വദിക്കാൻ കഴിയുമെന്നതുകൊണ്ടോ, ഒരു കൂട്ടം ജനങ്ങളുടെ അങ്ങേ അററത്തെ സഹകരണം ആവശ്യമായിരിക്കുന്നതുകൊണ്ടോ മാത്രമല്ല നാടകം ജനകീയമായിരിക്കുന്നതു്. ഈ രണ്ടംശങ്ങളും സിനിമക്കു് നാടകത്തെക്കാൾ കൂടുതലുണ്ടു്. ഇന്നത്തെ സാമ്പത്തികവ്യവസ്ഥയിൽ സിനിമക്കില്ലാത്തതും നാടകത്തിനുള്ളതുമായ ഒരു മുഖ്യഗുണം മൂലധനത്തെസ്സംബന്ധിച്ചതാണു്. ഒരു നാടകമഭിനയിക്കുക ജനതയുടെ ധനകഴിവിനു പുറത്തല്ല ഇക്കാലത്തു്. മാത്രമല്ല, സിനിമയെക്കാൾ കൂടുതൽ ജനതയുടെ വികാരവിചാരങ്ങൾ ഉടനടി പ്രതിഫലിപ്പിക്കുവാനും നിയന്ത്രിക്കുവാനും നാടകത്തിനു് ഏതു കാലത്തും കഴിയുന്നതുമാണു്. സിനിമയുണ്ടാക്കുവാൻ കുറച്ചു കാലം വേണം. ഉണ്ടാക്കിയതു് ഒന്നോ രണ്ടോ പ്രദർശനങ്ങൾ കഴിഞ്ഞു് ഉപേക്ഷിക്കുകയെന്നതും നഷ്ടമാണു്. അതിനാൽ താരതമ്യേന അല്പകാലികങ്ങളായ പ്രശ്നങ്ങളെ നാടകത്തിലേക്കും ദീർഘകാലികങ്ങളായ പ്രശ്നങ്ങളെ സിനിമയിലേക്കും പകർത്തുകയാണുചിതം. ഈ വ്യത്യാസം ശ്രീ. തോമ്മസ് വേണ്ടത്ര സ്പഷ്ടമാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല.

കലാസമിതികൾക്കു് നാടകങ്ങളുടെ വളർച്ചയിൽ നിർവ്വഹിക്കാനുള്ള പങ്കു്, നമ്മുടെ നാട്ടിൽ പ്രത്യേകിച്ചും, മഹത്താണു്. കമ്പോളനാടകക്കാർ തെളിച്ച വഴിക്കു നടക്കുകയല്ലാതെ പുതിയ വഴി തെളിയിക്കുകയുണ്ടായില്ല. യഥാസ്ഥിതികത്വം പുതുമയെ ഭയപ്പെടുന്നവരാണവർ, സാധാരണയായി. യൂറോപ്പിൽ നാടകത്തിൽ പുതിയ പുതിയ വികാസങ്ങളുണ്ടായതിന്നുള്ള ഉത്തരവാദം അവിടവിടെയുണ്ടായിരുന്ന 'പരീക്ഷണ നാടകശാല'കൾക്കാണു്. നാടകകമ്പക്കാരും ലാഭദൃഷ്ടിയില്ലാത്തവരുമായ ചില ആദർശസമ്പന്നർക്കു് തങ്ങളുടെ ആശയങ്ങൾ അവയിലൂടെ രൂപപ്പെടുത്തുവാൻ കഴിഞ്ഞു. ഐ. പി. ടി. എ. ഒഴിച്ചാൽ വേറെ ഒരൊററ എണ്ണത്തെ

ത്യേകതകളുണ്ട്. നൈസർഗ്ഗികമായ ഒരു ലാളിത്യം, പ്രസന്നമായ പ്രതിപാദനരീതി എന്നിവക്ക് പുറമെ, പീഠത്തിൽ കയറി പ്രസംഗിക്കുംപോലെയല്ല, ചാരുകസാലയിൽ ഇരുന്നു സ്നേഹജനങ്ങളോട് സല്ലപിക്കുംപോലെയാണ് എഴുത്തുകൾ വിഷയങ്ങളെ ചർച്ചചെയ്യുന്നത്. ഇടക്ക് നേരമ്പോക്കു പറഞ്ഞും ചില വിനോദപരമായ ഉദാഹരണങ്ങൾ നല്കിയും, ഒരു രസമുള്ള വ്യതിയാനം കാണുമ്പോൾ അതിലേ തിരിഞ്ഞും, അങ്ങിനെയാണല്ലൊ എഴുത്തുകളുടെ, നല്ല എഴുത്തുകളുടെ സമ്പ്രദായം. അവയിൽ കൂപ്പരുടെ (Cowper) എഴുത്തുകളാണ് പത്തരമാററുള്ള തങ്കം. ആ എഴുത്തുകളുടെ സുഖം എങ്ങിനെ വർണ്ണിക്കാനാണ്! "സ്വർഗ്ഗീയമായ സല്ലാപം" എന്നാണ് (Divine chit chat) അതിനെപ്പററി പണ്ഡിതവിധിയുള്ളത്. ഈ സ്വർഗ്ഗീയസല്ലാപത്തെ സാഹിത്യത്തിൽ ഒരു അംഗമായി സ്വീകരിച്ചത് ലാംബായിരുന്നു. തന്റെ ദുഃഖങ്ങളും, അനിഷ്ടങ്ങളും, തനിക്കുണ്ടായ ശിഥിലങ്ങളായ അനുഭവങ്ങളും, തന്റെ അഭിപ്രായങ്ങളും, തന്നെ രസിപ്പിച്ച പ്രത്യേകതകളും, നേരമ്പോക്കുകളും ഒന്നും മറച്ചുവെക്കാതെ ലാംബ് ഉപന്യാസങ്ങളിലാക്കി പരസ്യം ചെയ്തു. തന്നെത്തന്നെ ലോകരുടെ മുമ്പിൽ പ്രദർശിപ്പിക്കുവാനുള്ള അത്യാർത്ഥത ലാംബിനുണ്ടായിരുന്നു. ലാംബിനെക്കാളും ശ്രേഷ്ഠരായി കരുതപ്പെടുന്ന ഗദ്യകാരന്മാർ ഉണ്ടായേക്കാം; പക്ഷെ ഇംഗ്ലീഷുഭാഷ അറിയുന്ന ഏതൊരാളും, ഏതൊരു സഹൃദയനും, 'സന്തതം ഭേദമെററി ലാളിക്കുന്നത്' ലാംബിന്റെ ലേഖനങ്ങളാണ്.

ലാംബിനുശേഷം അത്തരം ഗദ്യവിഭാഗം സാഹിത്യത്തിന്റെ ഒരു അരുമയേറിയ പൈതലായി വളർന്നു തുടങ്ങി. എഴുത്തുകൾക്കുണ്ടാവേണ്ടതായി മുമ്പു വിവരിച്ച ഗുണങ്ങളില്ലെ? അവയുള്ള സാഹിത്യത്തിന്നാണ് ഞാൻ സാഹിത്യസല്ലാപം എന്ന് പേരു കൊടുത്തിട്ടുള്ളത്. ജീവിതത്തിൽ കണ്ണീരും കാച്ചിലും വേറെവേറെ പെട്ടികളിലാക്കപ്പെട്ടിട്ടില്ല. ഒരേ കാര്യം തന്നെ നിങ്ങളെ കരയിക്കയും, നിങ്ങളുടെ മനോധർമ്മത്തിനും മനഃപാകതക്കും അനുസരിച്ച് നിങ്ങളെ രസിപ്പിക്കുകയും ചെയ്യും. ഭഗവദ്ഗീതാകർത്താവായ ശ്രീകൃഷ്ണനെ ഭാരതത്തിൽ, എന്തു സംഭവിക്കുമ്പോഴും, ഒരു മരിച്ചാലും, ഒരു പുഞ്ചിരിയോടുകൂടെ കാണുന്നതായി എനിക്കു തോന്നാറുണ്ട്. അതിന്റെ ഒരു എളിയ പടിയിൽ നിന്നുകൊണ്ടുള്ള മന്ദഹാസമാണ്, ഇംഗ്ലീഷിലുള്ള സല്ലാപസാഹിത്യത്തിൽ വികസിച്ചുകൊണ്ടുവരുന്നത്. ജർമ്മനിയുടെ ഭയങ്കരമായ ബോംബേറുകൊണ്ട് ആളിക്കത്തുന്ന ലണ്ടനിലെ അഗ്നിയുടെ വെളിച്ചത്തിലിരുന്ന്, നേരമ്പോക്ക് എഴുതിയ, കണ്ണീരിനെ തുടപ്പിച്ച് അല്പം മന്ദഹസിപ്പിക്കാൻ സാധിച്ച ഹാസ്യമെഴുതിയ ഒരുവൻ സീമാൻ; ഇ. വി. നോക്സ്, എ. പി. ഹെർബർട്ട്, ഡംഡം, മുതലായവരുടെ സാഹിത്യസല്ലാപം അത്തരം ഒന്നായിരുന്നു. അതിന്റെ വിത്തു് എഴുത്തുകളായിരുന്നു എന്ന് ഓർമ്മയുള്ള ഇംഗ്ലീഷുകാരനായിരിക്കണം. മഹാത്മാഗാന്ധിയുടെ എഴുത്തിനെ നാലു പവൻ കൊടുത്തു വാങ്ങിയത്.


# CHOLERA

## DO'S

1. Get yourself inoculated immediately.
2. Disinfect your premises periodically with DDT, phenyle or bleaching powder.
3. Keep your foodstuff properly covered.
4. Wash all fruit, vegetable and other raw foodstuff, crockery, utensiles, etc., with a mild solution of Potassium Permanganate
5. Boil milk and drinking water before use.
6. Wash your hands with antiseptic I-CL before eating.
7. Clean the water tank in your building periodically and keep it properly covered.
8. Consult a doctor immediately in case of doubt.

## DON'TS

1. Don't allow water to stagnate in or around your house.
2. Don't keep foodstuff exposed and thus allow flies to settle on it.
3. Don't eat any exposed, stale food, overripe fruit or vegetable.
4. Don't eat cut fruit from street hawkers.
5. Don't eat from public eating houses without being very sure about the conditions under the foodstuff are prepared and served.
6. Don't indulge in over-feeding or overeating.
7. Don't use ice which is not hygienically prepared
8. Don't panic; it does not help!

*Issued by:* **GLUCONATE LTD.,**

HEAD OFFICE: CALCUTTA

Divisional Propaganda Office, 15, Armenian Street, Madras-1